സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: വി.എസ്. ജയകുമാർ)

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജിവനക്കാരുടെഅംഗീകൃത സംഘടനയെ തെരഞ്ഞെടുത്തത് – അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 1031/2008/Est-I** നന്തൻകോട്, **11/04/2016**

---

പരാമർശം :- (1) 26-08-2015 ലെ മേൽ നമ്പർ ഉത്തരവ്.

(2) ദേവസ്വം കമ്മീഷണറുടെ04-04-2016 ലെ ROC 87/15/Est(C) നമ്പർ റിപ്പോർട്ട്

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ അംഗീകൃത സംഘടനയെ തെരഞ്ഞെടുക്കുന്നതിനായുള്ള ഹിതപരിശോധന അഡ്വ. ശ്രീ. ആർ. കൃഷ്ണപ്പൻനായർ റിട്ടേർണിംഗ് ആഫീസറായും ദേവസ്വം കമ്മീഷണർ ചെയർമാനായും ഉള്ള ഇലക്ഷൻ ബോർഡിന്റെ മേൽനോട്ടത്തിൽ 02-04-2016 -ൽ ബോർഡിന്റെ വിവിധ ഗ്രൂപ്പുകളിലും ദേവസ്വം ഹെഡ്ഡാഫീസിലും വച്ച് ബോർഡുത്തരവ് പ്രകാരം നടത്തുകയുണ്ടായി. ഹിതപരിശോധനയിൽ തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷൻ, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് സംഘ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്റ്റാഫ് ഓർഗനൈസേഷൻ എന്നീ സംഘടനകൾ പങ്കെടുത്തു. ആയതിന്റെ വോട്ടെണ്ണൽ 04-04-2016 -ൽ നടന്നിട്ടുള്ളതാണ്. ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരം ആകെ പോൾ ചെയ്ത 4823 വോട്ടുകളിൽ തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷന് 2070 വോട്ടും, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന് 2149 വോട്ടും, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് സംഘിന് 514 വോട്ടും, തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്റ്റാഫ് ഓർഗനൈസേഷന് 73 വോട്ടും ലഭിച്ചു. 16 വോട്ടുകൾ അസാധുവായി.

ആയതിനാൽ ഹിതപരിശോധനയിൽ ഏറ്റവും കൂടുതൽ വോട്ട് നേടിയ തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിനെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ സംഘടനയായി അംഗീകരിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. പ്രസിഡന്റ്/സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്.
3. പ്രസിഡന്റ്/സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷൻ
4. പ്രസിഡന്റ്/സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് സംഘ്.
5. പ്രസിഡന്റ്/സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്റ്റാഫ് ഓർഗനൈസേഷൻ.
6. EDP Section
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.

SK